ഉത്തരം

(എ) മെട്രിക്കുലേറ്റ്, നോൺ മെട്രിക്കുലേറ്റ് എന്നിങ്ങനെ യോഗ്യതയുടെ അടിസ്ഥാനത്തിൽ തരംതിരിച്ചും സർവ്വീസ് ദൈർഘ്യം കണക്കിലെടുത്തും അംഗൻവാടി വർക്കർമാർക്ക് 1,238 രൂപ മുതൽ 1,363 രൂപവരെയും അംഗൻവാടി ഹെൽപ്പർമാർക്ക് 800 രൂപയുമാണ് ഇപ്പോൾ നൽകിവരുന്ന പ്രതിമാസവേതനം.

(ബി) ഉണ്ട്.

(സി) ബാധകമല്ല.

കേരളത്തിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടികൾ

25 [1326] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രവർത്തിച്ചുവരുന്ന അംഗൻവാടി കേന്ദ്രങ്ങളുടെ എണ്ണം ജില്ലതിരിച്ച് എത്രയാണെന്നും സംസ്ഥാനത്തെ അംഗൻവാടികളിൽ എത്ര വർക്കർമാരും ഹെൽപ്പർമാരും ജോലി ചെയ്യുന്നു എന്നും ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും ഇപ്പോൾ നൽകി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഇവർക്ക് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾവഴി നൽകുന്ന ആനുകൂല്യങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ഡി) അംഗൻവാടി ജീവനക്കാർക്ക് കേന്ദ്രം പ്രഖ്യാപിച്ച ഇൻഷ്വറൻസ് പദ്ധതി കേരളത്തിൽ നടപ്പിലാക്കിയോ എന്ന് വ്യക്തമാക്കാമോ; ഇൻഷ്വറൻസ് പ്രീമിയം വ്യവസ്ഥകൾ എന്താണെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(എഫ്) പദ്ധതി പ്രവർത്തനം സംസ്ഥാനത്ത് എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കേരളത്തിൽ 31-3-2004-ലെ കണക്കുപ്രകാരം ആകെ 24415 അംഗൻവാടി കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. അംഗൻവാടികളുടെ എണ്ണം, വർക്കർ, ഹെൽപ്പർ എന്നിവരുടെ കണക്കും ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

ജില്ല	അംഗൻവാടി കേന്ദ്രങ്ങളുടെ കണക്ക്	വർക്കർ	ഹെൽപ്പർ
(1)	(2)	(3)	(4)
തിരുവനന്തപുരം	2101	2101	2101
കൊല്ലം	2116	2116	2116

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
ആലപ്പുഴ	1794	1794	1794
പത്തനംതിട്ട	1189	1189	1189
കോട്ടയം	1729	1729	1729
ഇടുക്കി	1125	1125	1125
എറണാകുളം	2117	2117	2117
തൃശ്ശൂർ	2479	2479	2479
പാലക്കാട്	2050	2050	2050
മലപ്പുറം	2406	2406	2406
കോഴിക്കോട്	2214	2214	2214
വയനാട്	516	516	516
കണ്ണൂർ	1712	1712	1712
കാസർഗോഡ്	867	867	867
ആകെ	24415	24415	24415

(ബി) പ്രതിമാസ ഓണറേറിയത്തിനുപുറമേ ടി. എ., അംഗൻവാടി ക്ഷേമനിധിയിൽനിന്നും വൈദ്യസഹായം, ഭവനനിർമ്മാണ വായ്പ, വിവാഹാവശ്യത്തിനുള്ള വായ്പ, കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള വായ്പ, കുട്ടികളുടെ വിദ്യാഭ്യാസത്തിന് പ്രോത്സാഹനം, അപകട സംരക്ഷണം എന്നിവ നൽകിവരുന്നു. കൂടാതെ ഓണറേറിയത്തോടുകൂടിയ പ്രസവാവധിയും, അബോർഷൻ ലീവ് എന്നിവയും അനുവദിക്കുന്നുണ്ട്.

(സി) അംഗൻവാടി വർക്കർമാർക്ക് 1,238 രൂപ മുതൽ 1,363 രൂപവരെയും അംഗൻവാടി ഹെൽപ്പർമാർക്ക് 600 രൂപയുമാണ് ഇപ്പോൾ നൽകിവരുന്ന പ്രതിമാസ വേതനം. ഈ തുകയിൽ സംസ്ഥാന വിഹിതം 300 രൂപയാണ്. 75 രൂപ വീതം അംഗൻവാടി വർക്കർക്കും ഹെൽപ്പർക്കും ടി. എ. ഇനത്തിൽ നൽകുന്നുണ്ട്. കൂടാതെ അംഗൻവാടി വർക്കർ/ഹെൽപ്പർ ക്ഷേമനിധിയിൽനിന്നും പരമാവധി 10,000 രൂപവരെ വൈദ്യസഹായത്തിനും, ഭവന നിർമ്മാണ വായ്പ ഓണറേറിയത്തിന്റെ 30 ഇരട്ടി വരെയും പഴയ വീടുകൾ പുതുക്കി പണിയുവാൻ 15 ഇരട്ടിവരെയും നൽകുന്നുണ്ട്. വിവാഹാവശ്യത്തിനു വായ്പ പരമാവധി 2,000 രൂപവരെയും, കുട്ടികളുടെ വിദ്യാഭ്യാസത്തിന് പരമാവധി 1,000 രൂപവരെയും നൽകിവരുന്നുണ്ട്. വിദ്യാഭ്യാസത്തിന് പ്രോത്സാഹനം എന്ന നിലയ്ക്ക് ഒന്നാം സമ്മാനമായി 500 രൂപയും മെരിറ്റ് സർട്ടിഫിക്കറ്റും, രണ്ടാം സമ്മാനമായി 300 രൂപയും മെരിറ്റ് സർട്ടിഫിക്കറ്റും മൂന്നാം സമ്മാനമായി 200 രൂപയും മെരിറ്റ് സർട്ടിഫിക്കറ്റും നൽകുന്നുണ്ട്. അപകട സംരക്ഷണം പരമാവധി 10,000 രൂപയാണ്. ഇതുകൂടാതെ കുടുംബശ്രീ പദ്ധതി, കേരള വികസന പദ്ധതി എന്നിവയിൽ പങ്കാളികളാകുന്ന വർക്കർമാർക്ക് പ്രതിമാസം 100 രൂപയും ഹെൽപ്പർമാർക്ക് 50 രൂപയും പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്നു.

(ഡി) നടപ്പിലാക്കിയിട്ടില്ല. ഇൻഷ്വറൻസ് പ്രീമിയം 280 രൂപയാണ്. ഈ തുകയിൽ 100 രൂപ എൽ.ഐ.സി.-യുടെ സ്പെഷ്യൽ സെക്യൂരിറ്റി ഫണ്ടിൽ നിന്നും 100 രൂപ കേന്ദ്ര സർക്കാരും, 80 രൂപ വരിക്കാരും വഹിക്കേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ലോകസഭാ തെരഞ്ഞെടുപ്പ് സംബന്ധിച്ച് പെരുമാറ്റചട്ടം നിലവിലുണ്ടായിരുന്നതിനാൽ പ്രസ്തുത പദ്ധതിക്ക് പരസ്യം നൽകുന്നത് നീട്ടിവയ്ക്കുകയുണ്ടായി. ഇക്കാര്യം സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഈ പദ്ധതിയിൽ അംഗത്വം വേണമെന്നുള്ള അംഗൻവാടി പ്രവർത്തകരുടെ വിവരം ശേഖരിച്ചുവരികയാണ്.

(എഫ്) പദ്ധതിപ്രവർത്തനം ആരംഭിക്കണമെന്ന ലക്ഷ്യത്തിനായി വിവിധ മാധ്യമങ്ങൾവഴി ഇക്കാര്യത്തിൽ ആവശ്യമായ പ്രചരണം നടത്തുവാൻ 2-7-2004-ലെ 3122/ബി1/04 സാ.ക്ഷേ.വ. കത്തുമുഖേന സാമൂഹ്യക്ഷേമ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

സ്വന്തമായി കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾ

26 [1327] ശ്രീ. ഷിബു ബേബിജോൺ:
,, ജോണി നെല്ലൂർ:
,, കെ. കെ. ഷാജു:
,, ഉമേഷ് ചള്ളിയിൽ:
,, എ. എൻ. രാജൻ ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വന്തമായി കെട്ടിടമില്ലാത്ത എത്ര അംഗൻവാടികളുണ്ട്;

(ബി) അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് ഇപ്പോൾ ലഭ്യമായ ഫണ്ടുകൾ എന്തൊക്കെയാണ്;

(സി) ഇക്കാര്യത്തിൽ ലഭ്യമായ കേന്ദ്രസഹായ പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) സംസ്ഥാനത്തെ മുഴുവൻ അംഗൻവാടികൾക്കും സ്വന്തമായി കെട്ടിടവും അനുബന്ധ സൗകര്യവും ലഭ്യമാക്കുവാൻ സർക്കാർ എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൃത്യമായ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) ലോകബാങ്ക് സഹായ പദ്ധതി, എം.എൽ.എ.-യുടേയും എം.പി.-യുടേയും ഫണ്ടുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവ ഉപയോഗിച്ച് അംഗൻവാടികൾ നിർമ്മിച്ചുവരുന്നു. കൂടാതെ നടപ്പുസാമ്പത്തിക വർഷത്തിലെ (2004-05) ബഡ്ജറ്റ് പ്രസംഗത്തിൽ അംഗൻവാടികളുടെ നിർമ്മാണത്തിനായി 27 കോടി രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(സി) ലോകബാങ്ക് സഹായ പദ്ധതിപ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഐ.സി.ഡി.എസ്. ബ്ലോക്കുകളിൽ 1600 അംഗൻവാടി സെന്ററുകൾക്ക് കേന്ദ്ര ഗവൺമെന്റ് സഹായം ലഭ്യമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly